III ചെയർമാൻമാരുടെ പാനൽ

മി. സ്പീക്കർ: പാനൽ ഓഫ് ചെയർമാൻ കഴിഞ്ഞ നിയമസഭ സമ്മേളനത്തിലേതു തന്നെ തുടരും.

ശ്രീ. പി. ജയരാജൻ: സർ, ഈ ബിൽ ഏകകണ്ഠമായിത്തന്നെ ഈ നിയമസഭ പാസാക്കണം. പക്ഷേ ഭരണപക്ഷത്തുള്ള ചിലരുടെ ചർച്ച കേട്ടപ്പോൾ

ക്ഷീരമുള്ളോരകിടിൻ ചുവട്ടിലും,

ചോരയാണ് അവർക്ക് കൗതുകം.—

മി. സ്പീക്കർ: നമുക്ക് വിഷയത്തിലേക്ക് വരാം. പ്ലീസ്.

ശ്രീ. പി. ജയരാജൻ: വിഷയത്തിലേക്കാണ് വരുന്നത്. ഇവിടെ ശ്രീ. പി. ടി. തോമസിന്റെ പ്രസംഗം കേട്ടാൽ തോന്നും നായനാർ കോവളത്തുപോയി ചർച്ച ചെയ്തതിനുശേഷമാണ് ഈ ബിൽ വന്നതെന്ന്. സുപ്രീം കോടതിയിൽ കേരളത്തിന്റെ താൽപ്പര്യങ്ങൾ സംരക്ഷിക്കത്തക്ക നിലയിൽ വാദഗതികൾ ഉന്നയിച്ച് നമ്മുടെ വാദങ്ങൾ സമർത്ഥിച്ച് നമ്മുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കാനുള്ള നടപടികൾ എടുക്കുന്നതിൽ വന്നിട്ടുള്ള ഒരു വീഴ്ചയാണ് നിയമസഭയുടെ പ്രത്യേക സമ്മേളനം ചേർന്നുകൊണ്ട് ഇത്തരം ഒരു ബിൽ അവതരിപ്പിക്കാൻ നിർബന്ധിതമായിട്ടുള്ളത്. ഇവിടെ പലരും ചൂണ്ടിക്കാണിച്ചതുപോലെ വളരെയേറെ വർഷം പഴക്കമുള്ള ഒരു കരാറിന്റെ അടിസ്ഥാനത്തിലാണ് ഈ മുല്ലപ്പെരിയാർ ഡാമിൽ നിന്ന് തമിഴ്നാടിന് വെള്ളം കൊടുത്തുകൊണ്ടിരിക്കുന്നത്. സുപ്രീം കോടതിവിധിയിൽ തന്നെ അത് പറയുന്നുണ്ട്. 1886 ഒക്ടോബർ 21-നാണ് തിരുവിതാംകൂർ മഹാരാജാവും ഇൻഡ്യാ സ്റ്റേറ്റ് സെക്രട്ടറിയും തമ്മിലുള്ള ഈ എഗ്രിമെന്റിൽ ഒപ്പുവയ്ക്കുന്നത്. അതിനെ അടിസ്ഥാനപ്പെടുത്തി കെട്ടിയിട്ടുള്ള ഈ ഡാമിൽ വെള്ളം പല കാലങ്ങളിൽ പല അടികളായിട്ട് നിലനിന്നിട്ടുണ്ട്. 1943-ലെ വെള്ളപ്പൊക്കക്കാലത്ത് വെള്ളത്തിന്റെ അളവ് 154.80 അടിയായിരുന്നു എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. പക്ഷേ അതിനുശേഷം 63 വർഷം പിന്നിട്ടിരിക്കുകയാണ്. ഇപ്പോൾ ഡാം ഉണ്ടായതിനുശേഷം 110 വർഷം പിന്നിട്ടിരിക്കുകയാണ്. അപ്പോൾ 50 വർഷം കാലാവധി നിശ്ചയിച്ചിട്ടുള്ള ഈ ഡാമിന് 110 വർഷത്തിനുശേഷവും സുപ്രീം കോടതി വിധി അടിസ്ഥാനപ്പെടുത്തി ആപൽക്കരമായ ഒരു അവസ്ഥ ഉണ്ടായിരിക്കുകയാണ്. 30 ലക്ഷം ജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണിയായിട്ടുള്ള നിലയിലാണ് ഇപ്പോൾ ഈ ഡാം നിൽക്കുന്നത്. അത്തരമൊരു സാഹചര്യത്തിലാണ് ഇത് 136 അടിയായിട്ട് നിലനിറുത്തണമെന്ന കേരളത്തിന്റെ മൊത്തം താൽപ്പര്യം സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള ഒരു നിയമം കേരള നിയമസഭ പാസാക്കണമെന്ന് സർവകക്ഷിയോഗത്തിൽ തന്നെ അഭിപ്രായം ഉയർന്നുവന്നിട്ടുള്ളത്. ഇത്തരം ഒരു നിയമനിർമ്മാണം നടത്താൻ ഈ നിയമസഭയ്ക്ക് തീർച്ചയായിട്ടും അവകാശമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly